**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4677** **10-08-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ രാജാകേശവദാസ് അന്താരാഷ്ട്ര നീന്തൽ കുളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നീന്തൽ മത്സരങ്ങളിൽ രാജ്യത്ത് മുൻനിരയിലാണെങ്കിലും സംസ്ഥാനത്ത് വേണ്ടത്ര നീന്തൽകുളങ്ങൾ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും, കിഫ്ബി ധനസഹായത്തോടു കൂടിയും നിരവധി കളിസ്ഥലങ്ങൾ നിർമ്മിച്ചു വരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതിയിൽ 3 ഒളിമ്പിക് സൈസ് സ്വിമ്മിംഗ് പൂളുകളുടെയും 13 സെമി ഒളിമ്പിക് സൈസ് സ്വിമ്മിംഗ് പൂളുകളുടെയും നിർമ്മാണം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴയിലെ രാജാകേശവദാസ് അന്താരാഷ്ട്ര നീന്തൽ കുളത്തിന്റെ അറ്റകുറ്റപ്പണികളുടെ പുരോഗതി വ്യക്തമാക്കുമോ; ഇതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കുമോ; അതിനായി ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ആലപ്പുഴ രാജാകേശവദാസ് നീന്തൽക്കുളം ഉപയോഗ പ്രദമാക്കുന്നതിനായി നവീകരണ പ്രവൃത്തികൾ നടത്തുകയും ആയത് പൂർത്തീകരിച്ചു വരികയുമാണ്. ഫിൽട്രേഷൻ പ്ലാന്റ് റൂമിന്റെ നിർമ്മാണം, ആധുനിക രീതിയിലുള്ള പുതിയ ഫിൽട്രേഷൻ സിസ്റ്റം, ടോയലെറ്റ്-ചെയ്ഞ്ച് മുറികൾ നവീകരണം, നീന്തൽക്കുളം നവീകരണം, ഗ്യാലറി നവീകരണം, ചുറ്റുമതിൽ നവീകരണം, പമ്പ് റൂം നിർമ്മാണം, പാർക്കിംഗ് സൗകര്യങ്ങൾ, ഡ്രെയിനേജ് പണികൾ, രാത്രികാല ഉപയോഗത്തിനായുള്ള പൂൾ ലൈറ്റിംഗ് സിസ്റ്റം എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പഴയകാലത്ത് നിർമ്മിച്ച ഓവർഫ്ളോ സിസ്റ്റത്തിൽ ലീക്കേജ് കണ്ടെത്തിയതിനാൽ ആയത് കൂടി പരിഹരിച്ച് നീന്തൽക്കുളം സ്പോർട്സ് കൗൺസിലിന് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. രാജാകേശവദാസ് നീന്തൽക്കുളം നവീകരണത്തിനായി കായിക വകുപ്പ് നാളിതുവരെ 2,66,98,234/-രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നാളിതുവരെ പ്രസ്തുത നീന്തൽ കുളത്തിൽ നടന്നിട്ടുള്ള അന്തർദേശീയ-ദേശീയ-സംസ്ഥാനതല മത്സരങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | വർഷങ്ങളായി അറ്റകുറ്റപ്പണികൾക്കായി സ്വിമ്മിംഗ് പൂൾ അടച്ചിട്ടിരിക്കുന്നതിനാൽ ദേശീയ, |

| | | | |
|---|---|---|---|
| | | | അന്തർദേശീയ സംസ്ഥാന തല മത്സരങ്ങൾക്കായി അനുവദിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത നീന്തൽകുളത്തിന്റെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കുമോ; | (ഡി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലാണ് രാജാ കേശവദാസ് അന്താരാഷ്ട്ര നീന്തൽക്കുളം പ്രവർത്തിച്ച് വരുന്നത്. |
| (ഇ) | രാജാകേശവദാസ് അന്താരാഷ്ട്ര നീന്തൽകുളത്തെ അന്താരാഷ്ട്ര-ദേശീയതല മത്സരങ്ങൾക്ക് പ്രാപ്തമാക്കുന്നതിന് ആവശ്യമായ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | രാജാകേശവദാസ് നീന്തൽക്കുളം പരിശീലനത്തിനും ജില്ലാതല മത്സരങ്ങളും നടത്താൻ കഴിയുന്ന തരത്തിലാണ് പുനരുദ്ധരിച്ചിട്ടുള്ളത്. നീന്തൽ പരിശീലനത്തിനുള്ള ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിലേയ്ക്കായി പ്രാക്ടീസ് പൂൾ, റെയിസിംഗ് പൂൾ, ഡൈവിംഗ് പൂൾ എന്നിവ വെവ്വേറേ സ്ഥാപിക്കേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്ത് റെയിസിംഗ് പൂൾ മാത്രമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ